# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

08/05/2017 ന് മറുപടിയ്ക്ക്

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം** നം. 2371

**സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ്**

മറുപടി

ചോദ്യം :

ശ്രീ.മുഹമ്മദ് മുഹസിൻ പി

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്.പാലക്കാട് ജില്ലയിൽ എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. പാലക്കാട് ജില്ലയിൽ കഴിഞ്ഞ അക്കാദമിക് വർഷം 6 പുതിയ യൂണിറ്റുകൾ ഉൾപ്പെടെ 36 എസ്.പി.സി യൂണിറ്റുകൾ ഉണ്ട്. സ്കൂളുകളുടെ വിശദാംശം അനുബന്ധം 2 ആയി ഉൾക്കൊള്ളിക്കുന്നു. മാതൃകാ പൗരന്മാരെ സൃഷ്ടിക്കാനുതകുന്ന വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും പദ്ധതികളും ഉൾപ്പെടുത്തിയ ഒരു സിലബസ്സ് അനുസരിച്ചാണ് എസ്.പി.സി .യൂണിറ്റുകളുടെ പ്രവർത്തനം. |

സെക്ഷൻ ഓഫീസർ

അനുബന്ധം I



പുതിയതായി എസ്. പി. സി. യൂണിറ്റുകൾ സ്കൂളുകളിൽ ആരംഭിക്കുന്നതിന് വേണ്ട നിബന്ധനകൾ

1. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയെ സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പർ (പി) 121/2010/ആഭ്യന്തരം തിയ്യതി 29-05-2010 പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

2. ഗവൺമെൻറ് സ്കൂളുകൾക്കും, എയ്ഡഡ് സ്കൂളുകൾക്കും മാത്രമേ എസ്. പി. സി. പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ധന സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രൈവറ്റ് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നതിന് അതാത് സ്കൂൾ അധികാരികൾ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.

3. സ്കൂളുകളിലെ ഒന്നു വീതം അധ്യാപിക, അധ്യാപകൻ എന്നിവരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായി നിയമിക്കേണ്ടതാണ്.

4. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ഓഫീസിൽ നിന്നും ലഭിക്കുന്ന ആക്ടിവിറ്റി കലണ്ടർ, ഡ്രിൽ മാന്വൽ, ഇൻഡോർ മാന്വൽ എന്നിവ പ്രകാരമായിരിക്കണം ഓരോ സ്കൂളിലേയും എസ്. പി. സി. യുടെ ദൈനംദിന പ്രവർത്തനങ്ങൾ.

5. എല്ലാ സ്കൂളുകളിലും എസ്. പി. സി. യൂണിറ്റിനായി അത്യാവശ്യ ഫർണിച്ചർ ഉൾപ്പെടെ ഒരു പ്രത്യേക ഓഫീസ് സജ്ജീകരിക്കേണ്ടതും എസ്.പി.സി. ഓഫീസിനോടനുബന്ധിച്ച് എസ്. പി. സി. കേഡറ്റുകൾക്ക് (ആൺ കുട്ടികൾക്കും, പെൺകുട്ടികൾക്കും) വസ്ത്രം മാറുന്നതിനും മറ്റുമായി പ്രത്യേകം മുറികൾ ഉണ്ടായിരിക്കേണ്ടതുമാണ്.

6. എസ്. പി. സി. കേഡറ്റുകളുടെ പരിശീലനത്തിന് മതിയായ സ്ഥല സൗകര്യം (മൈതാനം) ഓരോ സ്കൂളിലും ഉണ്ടായിരിക്കേണ്ടതാണ്.

7. എസ്. പി. സി. യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ചില സമയങ്ങളിൽ ഫണ്ട് മുൻകൂറായി സ്കൂൾ അധികൃതർ സ്വയം സംഘടിപ്പിക്കേണ്ടതായി വന്നേക്കാം. അത്തരം സന്ദർഭങ്ങളിൽ ഫണ്ട് കണ്ടെത്തേണ്ട ചുമതല അതാത് സ്കൂൾ പി. റ്റി. എ ക്കായിരിക്കും.

8. ഓരോ സ്കൂളിലെയും എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളെ മാത്രമേ എസ്. പി. സി. പദ്ധതിയിലേക്ക് തിരഞ്ഞെടുക്കാവൂ. ഇവർ അടുത്ത വർഷവും (ഒൻപതാം ക്ലാസ്സ്) എസ്. പി. സി. പദ്ധതിയിൽ തുടരേണ്ടതാണ്.

9. എസ്.പി.സി യൂണിറ്റുകൾ അനുവദിക്കാനും, എസ്.പി.സി യൂണിറ്റ് അനുവദിച്ച സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തി യൂണിറ്റിന്റെ അംഗീകാരം നീക്കം ചെയ്യാനും ജില്ലാ ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എസ്.പി.സി യുടെ സംസ്ഥാനതല ഉപദേശകസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

10. ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ ഒന്നിൽകൂടുതൽ സ്കൂളുകളിൽ ഇനി മുതൽ എസ്.പി,സി യൂണിറ്റ് അനുവദിക്കുന്നതല്ല. (സർക്കാർ/പ്രൈവറ്റ്)

11. എസ്.പി.സി പദ്ധതി ഏർപ്പെടുത്തുന്ന സ്കൂളുകളിൽ എട്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം 100 ൽ കുറയരുത്. കൂടാതെ എട്ടാം ക്ലാസ്സിൽ മാത്രം 22 ആൺ കുട്ടികളും 22 പെൺ കുട്ടികളും എസ്.പി.സി. പദ്ധതിയിൽ ചേരാൻ ഉണ്ടെങ്കിൽ മാത്രമെ സ്കൂളുകൾക്ക എസ്.പി.സി യൂണിറ്റ് അനുവദിക്കുകയുള്ളൂ. ആൺകുട്ടികൾ മാത്രമോ, പെൺകുട്ടികൾ മാത്രമോ ഉള്ള സ്കൂളുകളിൽ 44 പേർ എസ്.പി.സി. പദ്ധതിയിൽ നിർബന്ധമായും ഉണ്ടായരിക്കേണ്ടതാണ്. എട്ടിലേയും ഒമ്പതിലേയും കുട്ടികളെ കൂട്ടിക്കലർത്തി ഒരു എസ്.പി.സി യൂണിറ്റ് തുടങ്ങുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

12. ഓണം, ക്രിസ്തുമസ് അവധികാലങ്ങളിൽ നടക്കുന്ന എസ്.പി.സി. സ്കൂൾതല ക്യാമ്പുകളിലും, സംസ്ഥാനതലത്തിൽ നടത്തുന്ന വേനലവധി ക്യാമ്പുകളിലും ആവശ്യപ്പെടുന്ന അദ്ധ്യാപകരുടേയും, കേഡറ്റുകളുടേയും സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

13. സി. പി. ഓ മാർക്കും, എ. സി. പി. ഓ മാർക്കുമായി നടത്തുന്ന പരിശീലന ക്ലാസ്സുകളിൽ അവരെ പങ്കെടുപ്പിക്കുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതാണ്.

14. രണ്ട് മാസത്തിൽ ഒരു തവണ സ്കൂൾ തല ഉപദേശക സമിതി യോഗം നടത്തേണ്ടതാണ്.

15. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും, ബന്ധപ്പെട്ട സ്ഥലം എം. എൽ. എ./എം. പി. എന്നിവരിൽ നിന്നും എസ്. പി. സി. പദ്ധതിക്കായുള്ള ഫണ്ട് സ്വരൂപിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

16. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ, അറ്റൻഡൻസ് മുതലായവ സമയബന്ധിതമായി നൽകാൻ ബാദ്ധ്യസ്ഥരായിരിക്കണം.

17. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ, അറ്റൻഡൻസ് മുതലായവ സമയബന്ധിതമായി നൽകാൻ ബാദ്ധ്യസ്ഥരായിരിക്കണം.

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞ നിബന്ധനകളും കാലാകാലങ്ങളിൽ ബന്ധപ്പെട്ടവർ നൽകുന്ന നിർദ്ദേശങ്ങളും പാലിക്കാൻ ഞങ്ങൾ തയ്യാറാണെന്ന് സത്യപ്രസ്താവന നടത്തുന്നു.

പി.ടി.എ പ്രസിഡണ്ട് ഹെഡ് മാസ്റ്റർ / പ്രിൻസിപ്പാൾ

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കാൻ വേണ്ടി പുതിയ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പരേഡ്, പി.റ്റി എന്നിവ നടത്തുന്നതിന് വേണ്ട സ്ഥലസൗകര്യമുള്ള ഗ്രൗണ്ട് പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളിന് ഉണ്ടായിരിക്കണം
2. ഒരു സ്കൂളിൽ എസ് പി സി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതിയോട് താൽപര്യമുള്ള ഒരു കമ്മ്യൂണിറ്റി പോലീസ് ഓഫീസറും ഒരു അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസറും ഉണ്ടായിരിക്കണം.ഇതിൽ ഒരാൾ വനിത ആയിരിക്കണം. എസ്. പി. സി സംബന്ധമായ സംസ്ഥാനതലത്തിലും സ്കൂൾ തലത്തിലും നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ടി അധ്യാപകർ പങ്കെടുക്കാൻ സന്നദ്ധരായിരിക്കണം. ടി അധ്യാപകരെ അധിക ചുമലതകളിൽ നിന്ന് അതാത് ഹെഡ്മാസ്റ്റർ/ ഹെഡ്മിട്രസ് ഒഴിവാക്കി കൊടുക്കേണ്ടതാണ്.
3. എസ്.പി.സി പദ്ധതി ഏർപ്പെടുത്തുന്ന സ്കൂളുകളിൽ എട്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം നൂറിൽ കുറയാതെ ഉണ്ടായിരിക്കണം (എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട്, ഗൈഡ്സ് മുതലായവ ഇല്ലാത്ത സ്കൂളുകളിൽ).
4. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്
5. അൺ എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി പദ്ധതി തുടങ്ങുന്നതിനുള്ള അംഗീകാരം നൽകുന്നതിന് മുൻപ് ടി സ്കൂളുകളിലെ സി.പി.ഒ /എ.സി.പി.ഒ (അധ്യാപകർ) എന്നിവരെ അഞ്ച് വർഷത്തേക്ക് സ്ഥലം മാറ്റുവാൻ പാടില്ലയെന്നും , കൂടാതെ എസ്.പി.സി പ്രവർത്തനകലണ്ടർ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളിലും ടി അധ്യാപകർക്ക് പങ്കെടുക്കാൻ അതാത് സ്കൂളുകളിലെ മാനേജ്മെന്റ്/ ഹെഡ്മിസ്ട്രസ്/ഹെഡ്മാസ്ട്രർ വേണ്ട ശ്രദ്ധ ചെലുത്തുമെന്നും കേഡറ്റുകൾക്ക് നൽകേണ്ട ലഘുഭക്ഷണം കൃത്യമായി നൽകുമെന്നും സമ്മതപത്രം എഴുതി വാങ്ങേണ്ടതാണ്
6. അൺ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ്/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് എന്നിവരുടെ നിസീമമായ സഹകരണം എസ്.പി.സി പദ്ധതി നടത്തുന്നതിനുണ്ടായിരിക്കണം.
7. സജീവമായതും സേവനപാരമ്പര്യവുമുള്ള അദ്ധ്യാപക-രക്ഷകർത്തൃ സമിതി ഉണ്ടായിരിക്കണം. ഇതിന്റെ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടുള്ള ഒരു സമ്മതപത്രം ഉണ്ടായിരിക്കണം.
8. അത്യാവശ്യ ഫർണിച്ചർ ഉൾപ്പെടെ എസ്.പി.സി ഓഫീസ് ഉണ്ടായിരിക്കണം.
9. കേഡറ്റുകൾക്ക് വസ്ത്രം മാറാൻ പ്രത്യേകസ്ഥലം ഉണ്ടായിരിക്കണം.
10. പദ്ധതി അനുവദിച്ചാലുടൻ സ്കൂളിന് മുന്നിൽ എസ്.പി.സി ബോർഡ് സ്ഥാപിക്കേണ്ടതാണ്.
11. രണ്ട് മാസത്തിൽ ഒരിക്കൽ സ്കൂൾ തല ഉപദേശകസമിതി യോഗവും രക്ഷകർത്താക്കളുടെ യോഗവും കൂടുന്നതിന് സന്നദ്ധരായിരിക്കണം.
12. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ അറ്റൻഡൻസ് മുതലായവ സമയബന്ധിതമായി നൽകാൻ ബാദ്ധ്യസ്ഥരായിരിക്കണം.

മേൽപ്പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കുന്ന എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ രണ്ട് വർഷം പദ്ധതി നടപ്പിലാക്കാൻ ആവശ്യമായി വരുന്ന ഏറ്റവും കുറഞ്ഞ തുകയായ 5,00,000/- (അഞ്ച് ലക്ഷം) രൂപ സ്ഥലം സർക്കിൾ ഇൻസ്പെക്ടർ സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്/പ്രിൻസിപ്പാൾ എന്നിവരുടെ പേരിലായി ഒരു ദേശസാൽകൃത ബാങ്കിൽ മുൻകൂറായി നിക്ഷേപിച്ച് ചെലവഴിക്കേണ്ടതാണ്.

നിബന്ധനകൾ സമ്മതിച്ചുകൊണ്ടുള്ള സമ്മതപത്രം സ്കൂൾ മാനേജർ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്/പ്രിൻസിപ്പാൾ, പി.റ്റി.എ പ്രസിഡന്റ് എന്നിവർ സംയുക്തമായി സ്റ്റേറ്റ് നോഡൽ ഓഫീസർക്കു സമർപ്പിക്കേണ്ടതാണ്.

******************************

# സമ്മതപത്രം

.................................ജില്ലയിൽ ............................. വില്ലേജിൽ

..........................................പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ

പരിധിയിൽ സ്ഥിതി ചെയ്യുന്ന ........................................................ സ്കൂളിലെ മാനേജർ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്/പ്രിൻസിപ്പാൾ, പി.റ്റി.എ പ്രസിഡന്റ് എന്നിവർ സംയുക്തമായി നൽകുന്ന സമ്മതപത്രം.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ 15.07.2014-ൽ കൂടിയ സംസ്ഥാനതല ഉപദേശക സമിതി യോഗത്തിൽ അംഗീകരിച്ച നിബന്ധനകൾ പൂർണ്ണമായും പാലിക്കാമെന്നും പദ്ധതിയുടെ 2 വർഷത്തെ സുഗമമായ നടത്തിപ്പിനാവശ്യമായി വരുന്ന ഏറ്റവും ചെറിയ തുകയായ 5,00,000/- (അഞ്ച് ലക്ഷം) രൂപ മുൻകൂറായി ടി സ്ഥലത്തെ സർക്കിൾ ഇൻസ്പെക്ടർ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്/പ്രിൻസിപ്പാൾ എന്നിവരുടെ പേരിൽ സംയുക്തമായി ഒരു ദേശസാൽകൃത ബാങ്കിൽ മുൻകൂറായി നിക്ഷേപിച്ച് ചെലവഴിച്ചുകൊള്ളാമെന്നും കേഡറ്റുകൾക്ക് യഥാസമയം തന്നെ യൂണിഫോമും ഭക്ഷണകാര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും നൽകുന്നതാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിവിധ ക്യാമ്പുകൾ, ട്രയിനിംങ്ങ്, മീറ്റിംങ്ങ് എന്നിവകളിൽ അധ്യാപകരുടെയും കേഡറ്റുകളുടെയും സാന്നിധ്യവും സജീവ പ്രവർത്തനവും ഉറപ്പുവരുത്തുന്നതാണെന്നും സമ്മതിച്ചു കൊള്ളുന്നു.

നിർദ്ദിഷ്ട നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ സ്കൂളിൽ പദ്ധതിയുടെ നടത്തിപ്പ് നിർത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാകാമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്കൂൾ മാനേജർ :

ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്/ പ്രിൻസിപ്പാൾ :

പ്രസിഡന്റ് പി.റ്റി.എ :

അനുബന്ധം : 2

## List of Schools in Palakkad

| SL No. | Name of the School |
|---|---|
| 1 | Govt. HSS, Ottappalam East |
| 2 | BEM HSS, Palakkad |
| 3 | Govt. VHSS, Malampuzha |
| 4 | Govt. HSS, Kottayi |
| 5 | GHSS, Pottassery |
| 6 | Govt. HS, Agali |
| 7 | Sarvajana HSS, Puthukode |
| 8 | Govt. Moyan MGHSS, Palakkad |
| 9 | Mount Seena English School, Pathirippara |
| 10 | Govt. APHSS Elappully |
| 11 | GHS Vadasseripuram |
| 12 | HSS Karimpuzha, Thottara |
| 13 | MR School, Parakulam, Thrithala |
| 14 | CAHSS Kuzhalmandam |
| 15 | Govt. Tribal HS, Sholayur |
| 16 | Govt.Girls Prematric Tribal Hostel for Girls, Agali |
| 17 | Govt.VHSS, Pathiripala |
| 18 | HSS, Keralassery |
| 19 | Muslim HSS, Pudunagaram |
| 20 | Govt. Ashramam HSS Malampuzha |
| 21 | GSM HSS, Thathamangalam |
| 22 | Model Residential School, Attapadi, Mukkali. |
| 23 | GMRS Naduvathupara Kuzhalmannam |
| 24 | Govt. HS, Agali |
| 25 | Parudur HS Pallipppuram |
| 26 | Kannadi HSS, Kannadi |
| 27 | Govt HSS, Erumayoor |
| 28 | Govt. HSS, Chalissery |
| 29 | Govt. HSS, Chathannur, Chalissery |
| 30 | KVR HS, Shornur |
| 31 | Govt Janatha HSS naduvattam |
| 32 | Govt Tribal HSS Puthur-Attappadi |
| 33 | Govt HS Karakkurissi |
| 34 | MNKM Govt HSS Pulappatta |
| 35 | Govt Technical HS Palakkad |
| 36 | Govt HSS Karimba |